േ യ ാ ഹ .   1 4 : 1 – 1 4

**2023 ഏപ്രില്‍ 23**

## വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

# ക്രിസ്തുമാര്‍ഗം

യോഹന്നാന്റെ സുവിശേഷം 14–ാം അധ്യായത്തില്‍ ശിഷ്യന്മാരായ തോമാശ്ലീഹായും (14:5) ഫിലിപ്പും (14:8) യൂദാ തദേവൂസും (14;22) യേശുവിനോട് ചോദ്യങ്ങള്‍ ചോദിക്കുന്നുണ്ട്. ശിഷ്യന്മാരുടെ ഈ ചോദ്യങ്ങള്‍ പരിശോധിച്ചാല്‍, യോഹന്നാന്‍ സുവിശേഷകന്‍ സൂചിപ്പിക്കുന്ന ഏഷ്യാമൈനറിലെ ആദിമ ക്രൈസ്തവരുടെ ചോദ്യങ്ങളും സംശയങ്ങളും ഇവ തന്നെയായിരുന്നു എന്നു വേണം അനുമാനിക്കാന്‍. ആദിമ ക്രൈസ്തവസമൂഹത്തിന്റെ ചോദ്യങ്ങള്‍ക്കും സംശയങ്ങള്‍ക്കും നേരെ പിടിച്ച കണ്ണാടിയാണ് ഈ സുവിശേഷഭാഗത്ത് കാണുന്ന യേശുവിന്റെ ഉത്തരങ്ങള്‍.

ഈശോയുടെ അന്ത്യപ്രഭാഷണത്തിന്റെ ആരംഭം കൂടിയാണ് ഈ സുവിശേഷഭാഗം. ഈശോ തന്റെ വേര്‍പാടിന്റെ വിവരം ശിഷ്യരെ അറിയിച്ചപ്പോള്‍ അവര്‍ സ്വാഭാവികമായും അസ്വസ്ഥരായി. ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തില്‍ വിശ്വസിക്കുവിന്‍, എന്നിലും വിശ്വസിക്കുവിന്‍'' (14:1). ശിഷ്യരോടുള്ള ഈശോയുടെ ആശ്വാസവചനങ്ങള്‍ ആണ് ഇവ. ശിഷ്യരോടുള്ള കരുതലും, അവര്‍ക്ക് ഈശോ വാഗ്ദാനം ചെയ്യുന്ന ശാന്തിയും സമാധാനവും ഈ വചനങ്ങള്‍ വെളിപ്പെടുത്തുന്നു. യേശുവിന്റെ പരസ്യജീവിതത്തില്‍ ശിഷ്യരെ ആശ്വസിപ്പിക്കുന്ന അവസരങ്ങള്‍ കാണാന്‍ സാധിക്കും. കൊടുങ്കാറ്റിനെ ശാന്തമാക്കുമ്പോഴും (യോഹ. 6:16–21), ശിഷ്യര്‍ നിരാശരായി മീന്‍പിടുത്തത്തില്‍ ഏര്‍പ്പെട്ട അവസരത്തിലും (യോഹ. 21:1–14) ആശ്വാസവചനങ്ങളുമായി യേശു അവരെ ചേര്‍ത്തണച്ചു.

തന്റെ വേര്‍പാടിനെക്കുറിച്ച് കേട്ടപ്പോള്‍ അസ്വസ്ഥരായ ശിഷ്യര്‍ക്ക് ഉത്ഥാനത്തിലൂടെയുള്ള തന്റെ തിരിച്ചുവരവിനെക്കുറിച്ച് യേശുനാഥന്‍ ഉറപ്പു നല്കുന്നുണ്ട്. മരണം വേര്‍പാടാണെങ്കില്‍ ഉത്ഥാനം തിരിച്ചുവരവാണ്. യേശുവിലുള്ള വിശ്വാസവും സ്നേഹവുമാണ് ഈശോയുടെ തിരിച്ചുവരവ് വ്യക്തിപരമായി അനുഭവിക്കുന്നതിനുള്ള വ്യവസ്ഥകള്‍ (യോഹ. 14:1). ശിഷ്യരുടെ ജീവിതത്തില്‍ നിരന്തരം ഉള്ള ക്രിസ്തുസാന്നിദ്ധ്യത്തെക്കുറിച്ച് സുവിശേഷം ഓര്‍മ്മപ്പെടുത്തുന്നു. പരസ്പരസ്നേഹവും, ശുശ്രൂഷാമനോഭാവവുമാണ് ക്രിസ്തുസാന്നിദ്ധ്യം തിരിച്ചറിയാനും, സമൂഹത്തില്‍ പരസ്പര ബന്ധങ്ങളുടെ കണ്ണികള്‍ പൊട്ടാതെ കാത്തുസൂക്ഷിക്കാനും സഹായിക്കുന്നത്.

എന്റെ പിതാവിന്റെ ഭവനത്തില്‍ അനേകം വാസസ്ഥലങ്ങള്‍ ഉണ്ട് (യോഹ. 4:3). സ്വര്‍ഗത്തെയാണ് ''എന്റെ പിതാവിന്റെ ഭവനം'' എന്നതുകൊണ്ട് വിശേ ഷിപ്പിക്കുന്നത്. ഗ്രീക്കു ഭാഷയില്‍ ''മോനായി'' എന്ന വാക്കാണ് വാസസ്ഥലങ്ങള്‍ എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കിന്റെ ഗ്രീക്ക് ക്രിയാപദത്തിന് 'വസിക്കുക' (Abide) എന്നര്‍ത്ഥം. ദൈവപിതാവും പുത്രനും ശിഷ്യ രും തമ്മിലുള്ള സഹവാസത്തെക്കുറിക്കാന്‍ ഉപയോഗിക്കുന്ന വാക്കാണിത് (യോഹ. 15:1–17). തന്റെ രക്ഷാകര രഹസ്യങ്ങളിലൂടെ താന്‍ മഹത്വപൂര്‍ണ്ണമായ ദൈവൈക്യത്തിലേക്ക് കടക്കുകയാണെന്നും, അതുവഴി തന്റെ ശിഷ്യര്‍ക്കും മഹത്വപൂര്‍ണ്ണമായ ദൈവൈക്യത്തിലേക്കുള്ള വഴി തുറക്കുകയാണെന്നും ഈശോ ഇവിടെ പഠിപ്പിക്കുന്നു.

'വഴി'യായ ഈശോയെക്കുറിച്ച് സുവിശേഷം രേഖപ്പെടുത്തുന്നു (യോഹ. 14:6). ഈശോ പിതാവിലേക്കുള്ള വഴിയായി തീര്‍ന്നത് സത്യവും ജീവനും ആയതുകൊണ്ടാണ്. യേശുനാഥന്‍ 'സത്യ'മാകുന്നത് പിതാവായ ദൈവത്തെ വെളിപ്പെടുത്തുന്നവന്‍ എന്ന നിലയിലാണ് (യോഹ. 15:17). ജീവനാകുന്നത്, പിതാവിന്റെ ജീവനില്‍ പങ്കുചേര്‍ന്ന്, അതില്‍ നമ്മെയും പങ്കുചേര്‍ക്കുന്നവന്‍ എന്ന നിലയിലും (യോഹ. 1:4–5). വഴി അഥവാ മാര്‍ഗം എന്നത് ആദിമസഭയില്‍ ഒരു ക്രൈസ്തവസംജ്ഞയായി മാറുന്നുണ്ട്. 'മാര്‍ഗ'മായ ഈശോയെ പിഞ്ചെന്ന് നാം ക്രിസ്തുമാര്‍ഗത്തിലൂടെ ചരിക്കുന്നവരും ക്രിസ്തുവില്‍ സഹവസിക്കുന്നവരുമായിത്തീരുന്നു.

ഈശോയുടെ പ്രവൃത്തികള്‍ ചെയ്യുന്നവരില്‍ അവിടുത്തെ സാന്നിദ്ധ്യമുണ്ട് (യോഹ. 14:11–12). നമ്മിലുള്ള ക്രിസ്തുസാന്നിദ്ധ്യം നാം തിരിച്ചറിയുമ്പോള്‍ നിത്യജീവനില്‍ പങ്കുചേരാനും, മറ്റുള്ളവര്‍ക്ക് അത് പങ്കുവയ്ക്കാനും സാധിക്കും. ഈശോയുമായുള്ള സഹവാസമാണ് ഐക്യത്തിലേക്ക് നമ്മെ നയിക്കുന്നത്. ഈ ഐക്യം നമ്മുടെ പ്രാര്‍ത്ഥനകളെ ഫലദായകമാക്കി മാറ്റുകയും ചെയ്യുന്നു (യോഹ. 14:13–14).

എ